**കാറ്റിൽ ബ്രീഡിങ്ങ് ഫാം**
**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**തുമ്പൂർമുഴി, അതിരപ്പിള്ളി റോഡ്, കൊന്നക്കുഴി പി.ഒ,**
**തൃശ്ശൂർ ജില്ല, കേരള – 680 721**
**ഫോൺ: 9188006265 ഇ–മെയിൽ : cbft@kvasu.ac.in**

നമ്പർ. സി.ബി.എഫ്/സി/3841/2026

തീയതി: 15/07/2026

## താൽപര്യപത്രം നോട്ടീസ്

കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള തുമ്പൂർമുഴി കന്നുകാലി പ്രജനന കേന്ദ്രത്തിൽ നിന്നും വിൽക്കുന്ന പശുവിൻ പാൽ മൊത്തവില്പന (Farm Fresh Milk- bulk sale other than MILMA) അടിസ്ഥാനത്തിൽ വാങ്ങുന്നതിന് താൽപര്യമുള്ള FPO/സ്ഥാപനം/വ്യക്തികളിൽ നിന്നും മുദ്രവെച്ച താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യപത്ര ഫോം സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

| | |
|---|---|
| **താൽപര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി & സമയം** | **: 30/07/2026 രാവിലെ 11.00 മണി** |
| **താൽപര്യപത്രം തുറക്കുന്ന തീയതി & സമയം** | **: 30/07/2026 രാവിലെ 11.30 മണി** |
| **താൽപര്യപത്രം തുറക്കുന്ന സ്ഥലം** | **:കന്നുകാലി പ്രജനന കേന്ദ്രം, തുമ്പൂർമുഴി** |
| **നിരതദ്രവ്യം** | **: 10,000/- രൂപ** |
| **കരാർ കാലാവധി** | **: 1 വർഷം വരെ** |

## നിബന്ധനകൾ

1. കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള തുമ്പൂർമുഴി കന്നുകാലി പ്രജനന കേന്ദ്രത്തിൽ നിന്നും രാവിലെയുള്ള പശുവിൻ പാൽ പ്രതിദിനം ശരാശരി 75 ലിറ്ററിന് മുകളിൽ (ആഴ്ചയിൽ കുറഞ്ഞത് 500 ലിറ്ററിന് മുകളിൽ) വാങ്ങാൻ കഴിയുന്ന FPO / സ്ഥാപനം / വ്യക്തികൾക്ക് അപേക്ഷിക്കാം. 1 ലിറ്ററിന് അടവാക്കുന്ന തുക ആയിരിക്കണം താൽപര്യപത്രത്തിൽ രേഖപ്പെടുത്തേണ്ടത്.
2. രാവിലെ കറന്നെടുത്ത പാൽ നേരിട്ടാണ് കരാറുകാരൻ / സ്ഥാപനം/ വ്യക്തി വാങ്ങിക്കേണ്ടത്. ആവശ്യമായ പാൽ ക്യാനുകൾ കരാറുകാരന് ഉണ്ടായിരിക്കണം. രാവിലെ 7 മണിക്ക് മുമ്പായി ഫാമിൽ നിന്നും പാൽ എടുക്കേണ്ടതാണ്.
3. പാലിന്റെ ഗുണനിലവാരം ഗുണഭോക്താവിലെത്തുന്നത് വരെ നിലനിർത്താനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനിൽ / സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.
4. 75 ലിറ്റർ മുതൽ 200 ലിറ്റർ വരെ പാൽ മാത്രമേ നറുപാൽ (Farm Fresh Milk) ആയി ഫാമിൽ നിന്നും ദിവസേന ലഭ്യമാവുകയുള്ളൂ.
5. രാവിലത്തെ പാൽ മാത്രമായിരിക്കും വില്പന നടത്തുക.
6. താൽപര്യപത്രം അടങ്ങുന്ന സീൽ ചെയ്ത കവറിന് മുകളിൽ വിജ്ഞാപന നമ്പർ. സി.ബി.എഫ്/സി/3841/2026 തീയതി. 15/07/2026 പ്രകാരം പശുവിൻ പാലിനുള്ള താൽപര്യപത്രം എന്നെഴുതി പ്രൊഫസർ & ഹെഡ്, കന്നുകാലി പ്രജനന കേന്ദ്രം, തുമ്പൂർമുഴി, അതിരപ്പിള്ളി റോഡ്, കൊന്നക്കുഴി പി. ഒ - 680721, എന്ന വിലാസത്തിൽ 30/07/2026 തീയതി രാവിലെ 11 മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്.
7. നിശ്ചിത തീയതിക്കും സമയത്തിനും ശേഷവും നിരതദ്രവ്യ തുക ഇല്ലാതെയും ലഭിക്കുന്ന താൽപര്യപത്രം സ്വീകരിക്കുന്നതല്ല.
8. തിരഞ്ഞെടുത്ത കരാറുകാരൻ 10,000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി പ്രൊഫസർ & ഹെഡ്, കന്നുകാലി പ്രജനന കേന്ദ്രം, തുമ്പൂർമുഴി, അതിരപ്പിള്ളി റോഡ്, കൊന്നക്കുഴി പി.

ഒ, SBI ചാലക്കുടി മെയിൻ ബ്രാഞ്ച്, കല്ലേരി ബിൽഡിങ്ങിൽ മാറാവുന്ന വിധത്തിൽ ബാങ്ക് ഗ്യാരണ്ടിയായോ / DD-യായോ / ഓണലൈനായോ നൽകണം.

9. 5 ദിവസം കൂടുമ്പോൾ സ്ഥാപനം / കരാറുകാരൻ 5 ദിവസത്തെ പാലിന്റെ വില മുൻകൂറായി അടവാക്കേണ്ടതാണ്.
10. കരാർ കാലാവധി ഒരു വർഷത്തേക്ക് മാത്രമായിരിക്കും. വെറ്ററിനറി സർവകലാശാലയിലെ വിവിധ ഫാമുകളിൽ പ്രാദേശികമായി വിൽക്കുന്ന പാലിന്റെ വിലയിൽ അനുപാതികമായ വർദ്ധനാവുണ്ടാകുന്ന പക്ഷം അതേ വർദ്ധനവ് ഈ പദ്ധതിയിലൂടെയുള്ള പാൽ വിതരണത്തിനും ബാധകമായിരിക്കും.
11. താൽപര്യപത്രം ഉറപ്പിച്ച FPO / സ്ഥാപനം / വ്യക്തി 200/- രൂപയുടെ സ്ഥാപനത്തിന്റെ/സ്വന്തം പേരിൽ വാങ്ങിയ മുദ്രപത്രത്തിൽ കന്നുകാലി പ്രജനന കേന്ദ്രം മേധാവിയുമായി ഒരു നഷ്ടോത്തരവാദിത്ത കരാറിൽ ഏർപ്പെടെണ്ടാതാണ്.
12. താൽപര്യപത്രം ഉറപ്പിച്ച FPO / സ്ഥാപനം / വ്യക്തി എന്തെങ്കിലും ഒരു തിരിച്ചറിയൽ രേഖയും പാൻ കാർഡും നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
13. ഫാമിലെ വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ വരുത്തിയാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം FPO / സ്ഥാപനം / വ്യക്തിയിൽ നിക്ഷിപ്തമാണ്.
14. താൽപര്യപത്രം തുറക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന തിയ്യതിയിൽ എന്തെങ്കിലും ബന്ദ് / അപ്രതീക്ഷിത അവധി / പണിമുടക്ക് എന്നിവ വന്നാൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് തുറക്കുന്നതായിരിക്കും.
15. താൽപര്യപത്രം സംബന്ധമായ കേരള സർക്കാരിന്റെ എല്ലാ നിബന്ധനകളും ഈ താൽപര്യപത്രത്തിനും ബാധകമായിരിക്കും.
16. യാതൊരു കാരണവും കാണിക്കാതെ തന്നെ താൽപര്യപത്രം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. താൽപര്യപത്രം പ്രകാരം FPO / സ്ഥാപനം / വ്യക്തികൾ രേഖപ്പെടുത്തുന്ന നിരക്കുകൾ EoI കമ്മിറ്റി / ഫാം മേധാവി നിലവിലെ ഫാമിലെ വിപണി വിലയുമായി താരതമ്യപ്പെടുത്തി കരാർ ഉറപ്പിക്കുന്നതായിരിക്കും. ആവശ്യമുള്ള പക്ഷം വീണ്ടും താല്പര്യപത്രം പുനർ ക്ഷണിക്കുന്നതുമായിരിക്കും. താൽപര്യപത്രം സംബന്ധിച്ച് സ്ഥാപന മേധാവിയുടെ ഏത് തീരുമാനവും അന്തിമമായിരിക്കും.

പ്രൊഫസർ & ഹെഡ്

പകർപ്പ് : വെബ്സൈറ്റ് / നോട്ടീസ് ബോർഡ് - ഓഫീസ് / പഞ്ചായത്ത് ഓഫീസ്/ വില്ലേജ് ഓഫീസ്/ കൃഷി ഭവൻ/ സമീപ പ്രദേശത്തെ പാൽ സോസൈറ്റികൾ

PROFESSOR AND HEAD
KVASU-CATTLE BREEDING FARM
THUMBURMUZHI
KONNAKUZHY P.O PIN 680721

KERALA VETERINARY AND ANIMAL SCIENCES UNIVERSITY
THUMBURMUZHY
PIN:680721
CATTLE BREEDING FARM

**Expression of Interest for farm fresh milk procurement ( Bulk sale other than MILMA) from CBF, Thumburmuzhy**

Sir,

I/We hereby express our willingness to procure farm fresh milk as per the conditions laid down in the EoI notice CBF/C/3841/2026 dtd. 15/07/2026 of Professor and Head, CBF, Thumburmuzhy at the rate of ................................Rs./Litre.

We have remitted Rs.........................................as Earnest Money Deposit.

I am willing to take a minimum of 75 L/day (above 500 L/week) of farm fresh milk from CBF, Thumburmuzhy.

Date:

Yours faithfully,

(Signature)

(Address)